"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് - തോട്ടട ഇ.എസ്.ഐ ആശുപത്രിയിലെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.നവീൻ ദാസ്.പി.വി -യുടെ ഹാജരില്ലായ്മ നോൺ-ഡ്യൂട്ടിയായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.661/2025/LBR തീയതി,തിരുവനന്തപുരം, 29-05-2025

---

പരാമർശം:- 1. 25.11.2022 ലെ സ.ഉ(സാധാ)നം.1396/2022/തൊഴിൽ

2. ഡോ.നവീൻ ദാസ്.പി.വി യുടെ 13.02.2025 ലെ അപേക്ഷ.

3. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ 28.03.2025ലെ ഇ3-2647/2022/നമ്പർ കത്ത്.

**ഉത്തരവ്**

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ തോട്ടട ഇ.എസ്.ഐ ആശുപത്രിയിലെ അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ.നവീൻ ദാസ്.പി.വി -യ്ക്ക് പരാമർശം (1) ലെ ഉത്തരവ് പ്രകാരം 18.05.2022 മുതൽ 03.02.2025 വരെ കെ.എസ്.ആർ ഭാഗം I, അനുബന്ധം XII B പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അവധി കാലയളവിനു ശേഷം 13.02.2025 ലാണ് ജോലിയിൽ പുനഃപ്രവേശിച്ചിട്ടുള്ളതെന്നതിനാൽ 04.02.2025 മുതൽ 12.02.2025 വരെയുള്ള അനധികൃത ഹാജരില്ലായ്മ കാലയളവ് ക്രമീകരിച്ച് നൽകണമെന്ന് അഭ്യർത്ഥിച്ച് പരാമർശം (2) പ്രകാരം ഡോ.നവീൻ ദാസ്.പി.വി അപേക്ഷ സമർപ്പിച്ചിരുന്നു. ആയത് ശിപാർശ ചെയ്ത് പരാമർശം (3) പ്രകാരം ഇൻഷൂറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ അസിസ്റ്റൻ്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസറായ ഡോ.നവീൻ ദാസ്.പി.വിയ്ക്ക് പരാമർശം (1) ലെ ഉത്തരവ് പ്രകാരം പഠനാവശ്യത്തിനായി അവധി അനുവദിച്ച് നല്കിയിരുന്ന കോഴ്സിന്റെ കാലാവധിയ്ക്ക് ശേഷം സേവനത്തിൽ നിന്നും വിട്ടു നിന്ന 04.02.2025 മുതൽ 12.02.2025 വരെയുള്ള കാലയളവ് മുൻകാല സേവനം നഷ്ടമാകും വിധം നോൺ ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അനിൽ കുമാർ എസ്

അണ്ടർ സെക്രട്ടറി

ഡയറക്ടർ, ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം
ഡോ.നവീൻ ദാസ്.പി.വി, അസിസ്റ്റന്റ് ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ , ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് (ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) (ഓഡിറ്റ്), കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാരിന്റെ ഔദ്യോഗിക വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ധനകാര്യ വകുപ്പ് (09.05.2025 ലെ 2172405/LBR-1/28/2022-FIN പ്രകാരം)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Ajish Kumar A
Date: 30-05-2025 14:38:29

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.